കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി

189 (1232) ശ്രീ. പി. കെ. ഉദ്ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികൾ ക്ഷാമബോണസും ജോലിക്കൂലിയും വേണ്ടി നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) കയർ വ്യവസായം സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വർത്തമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് തൊഴിലും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്.

(ബി) ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും ദൗർലഭ്യവും മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇവയെല്ലാം കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. അസംസ്കൃത വസ്തുവായ ചകിരി അവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വില വരുന്ന 16040.45 ക്വിന്റൽ ചകിരിയും സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കയർ വ്യവസായം സംരക്ഷിക്കാൻ സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നിലവിലുള്ള വികസന പദ്ധതികൾക്കുപുറമേ കയർ മേഖലയെ സംരക്ഷിച്ചുനിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്:

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

LIBRARY ARCHIVES Kerala Legislative Assembly

2. കയർ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണി സാമഗ്രികൾ എന്നിവ നൽകും.

6. ഹോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും.

കയർ വ്യവസായം പരിഷ്കരിക്കുന്നതിന് സാങ്കേതികവിദ്യ

190 (1233) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ വ്യവസായം തമിഴ്നാട്ടിലേക്ക് പറിച്ചുനടപ്പെടുന്നത് തടയുന്നതിനും, കേരളത്തിൽ വ്യാപകമായി തൊണ്ട് ശേഖരിക്കുന്നതിനും, ചകിരി ഉത്പാദനം ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് നടത്തുന്നതിനും, നിലവിലുള്ള സാങ്കേതിക വിദ്യകൾ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചുനിർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly